# പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

05-08-2021

### (8) നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരം യഥാസമയം ലഭ്യമാക്കൽ

2021 ആഗസ്റ്റ് 5-ാം തീയതി ഗവൺമെന്റ് പ്രമേയത്തിനുശേഷം, നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

നിയമസഭാ ചട്ടം 47(1), (2) എന്നിവ പ്രകാരമുള്ള ചോദ്യങ്ങളുടെ മറുപടി അതത് സമ്മേളന കാലയളവിൽത്തന്നെ ലഭ്യമാക്കുന്ന കാര്യം മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടെന്നും മറുപടി കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പുകൾ സ്വീകരിച്ചുവരികയാണെന്നും പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

ഇ-നിയമസഭ പദ്ധതി പൂർത്തീകരിക്കപ്പെടുന്നതോടുകൂടി നിയമസഭാ

നടപടിക്രമങ്ങളിൽ വരുത്തേണ്ട പരിഷ്കാരങ്ങളും നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതും സംബന്ധിച്ച് പരിശോധിച്ച് ശിപാർശ നൽകുന്നതിനായി ഒരു അഡ്ഹോക് സമിതി രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.  ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവരുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ആരോഗ്യ -വനിത ശിശുവികസന വകുപ്പുമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.